## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .358 29/06/2015-ൽ മറുപടിക്ക്

# പുതിയ വൈദ്യുതോൽപ്പാദന പദ്ധതികൾ

ചോദ്യം

ശ്രീ. കെ. രാധാകൃഷ്ണൻ

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതോൽപ്പാദനത്തിനായി പുതിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

മറുപടി

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കീഴിൽ 4 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം പൂർത്തിയാക്കി 15.25 MW വൈദ്യുത ശൃംഖലയിലേക്ക് കൂട്ടിച്ചേർത്തിട്ടുണ്ട്.

| | | |
|---|---|---|
| 1 | റാണി - പെരുനാട് SHEP | 4 MW |
| 2 | പീച്ചി SHEP | 1.25 MW |
| 3 | വിലങ്ങാട് SHEP | 7.5 MW |
| 4 | ചിമ്മിനി SHEP | 2.5 MW |
| | ആകെ | 15.25 MW |

കൂടാതെ പൊരിങ്ങൽകുത്ത് (4 മെഗാവാട്ട്), ശബരിഗിരി (5മെഗാവാട്ട്) എന്നീ പദ്ധതികളുടെ പുനരുദ്ധാരണ നവീകരണ പ്രവർത്തനം വഴി 9 MW-ന്റെ സ്ഥാപിത ശേഷി വർദ്ധനവും ഇക്കാലയളവിൽ ഉണ്ടായിട്ടുണ്ട്. മറ്റ് 6 ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം ആരംഭിച്ചിട്ടുമുണ്ട്.

സ്വകാര്യ മേഖലയിൽ 10.5 മെഗാവാട്ട് ശേഷിയുള്ള കാരിക്കയം ജലവൈദ്യുത

പദ്ധതി, 3 മെഗാവാട്ടിന്റെ മീൻവല്ലം ജല വൈദ്യുത പദ്ധതി എന്നിവ കമ്മീഷൻ ചെയ്തു. 50 കിലോവാട്ടിന്റെ കല്ലാർ മൈക്രോ ജല വൈദ്യുത പദ്ധതി, 110 കിലോവാട്ടിന്റെ മാങ്കുളം മൈക്രോ ജലവൈദ്യുത പദ്ധതിയും പുതുക്കി ഗ്രിഡുമായി കണക്ട് ചെയ്തിട്ടുണ്ട്. കൂടാതെ 53 പീക്കോ ജലവൈദ്യുത പദ്ധതികൾ (1kW) കേന്ദ്ര പാരമ്പര്യേതര ഊർജ്ജ മന്ത്രാലയത്തിന്റെ ധനസഹായത്തോടെ (CFA) കമ്മീഷൻ ചെയ്തിട്ടുണ്ട്.

(ബി) നിലവിലുണ്ടായിരുന്ന വൈദ്യുത പദ്ധതികളുടെ ഉത്പാദനശേഷി വർദ്ധിപ്പിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(ബി) ഉണ്ട്. പുനരുദ്ധാരണ നവീകരണത്തിന് ശേഷം മൂഴിയാർ പദ്ധതിയിൽ നിന്നും 5 MW - ഉം പൊരിങ്ങൽകുത്ത് ജലവൈദ്യുത പദ്ധതിയിൽ നിന്നും 4 MW-ഉം വൈദ്യുതി അധികമായി ഉല്പാദിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

സെക്ഷൻ ഓഫീസർ